# പതിമൂന്നാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3404 23/06/2014-ൽ മറുപടിയ്ക്ക്**

**മത്സ്യഗ്രാമം പദ്ധതിപ്രകാരം വീടുകൾ**

**ചോദ്യം**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:**

(എ) മത്സ്യഗ്രാമം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ അനുവദിച്ചെന്നും അവ ഏതെല്ലാം മത്സ്യഗ്രാമങ്ങളിലാണെന്നും വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ വീടൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ 2106 ഭവനങ്ങളും രണ്ടാം ഘട്ടത്തിൽ 2 ലക്ഷം രൂപ നിരക്കിൽ 2867 ഭവനങ്ങളും അനുവദിക്കുകയുണ്ടായി. മൊത്തം 4973 ഭവനങ്ങൾ അനുവദിക്കുകയുണ്ടായി. പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 11 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്ന താഴെപറയുന്ന 32 മത്സ്യഗ്രാമങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

| ക്രമ നം | മത്സ്യഗ്രാമം |
|---|---|
| 1 | വലിയതുറ |
| 2 | ചെറിയതുറ |
| 3 | കൊച്ചുതോപ്പ് |
| 4 | വലിയതോപ്പ് |
| 5 | പുത്തൻതുറ |
| 6 | നീണ്ടകര |
| 7 | വലിയഴീക്കൽ |
| 8 | തറയിൽക്കടവ് |
| 9 | കള്ളിക്കാട് |
| 10 | ആറാട്ടുപുഴ |
| 11 | പതിയാങ്കര |
| 12 | തൃക്കുന്നപ്പുഴ |
| 13 | പല്ലന |
| 14 | ചെല്ലാനം |
| 15 | മാറാവുകാട് |
| 16 | കണ്ടക്കടവ് |
| 17 | കണ്ണാമാലി |
| 18 | ചെറിയകടവ് |
| 19 | കൈപ്പമംഗലം |
| 20 | പൊയ്യ |
| 21 | ആനാപ്പുഴ |
| 22 | ചീരൻ കടപ്പുറം |
| 23 | ഇടക്കടപ്പുറം |
| 24 | ഓശന്നാക്കടപ്പുറം |
| 25 | ഇളരൻ കടപ്പുറം |
| 26 | പാണ്ടക്കടപ്പുറം |
| 27 | കോർമൻ കടപ്പുറം |
| 28 | പുതിയകടപ്പുറം |
| 29 | മാറാട് |
| 30 | ബേപ്പൂർ |
| 31 | അഴീക്കോട് |
| 32 | അജാനൂർ |

തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ടി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | അനുവദിച്ച വീടുകളിൽ എത്രയെണ്ണം പൂർത്തീകരിച്ചെന്നും, ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുടെ നിർമ്മാണം നടത്തുന്നതെന്നും വിശദമാക്കുമോ; | (ബി) | ആകെ 4973 ഭവനങ്ങൾ അനുവദിച്ചതിൽ 3588 ഭവനങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റു വീടുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ഈ വീടുകളെല്ലാം ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മിച്ച് വരുന്നത്. അർഹതപ്പെട്ട സബ്സിഡി ഫിഷറീസ് വകുപ്പ് ജില്ല ഓഫീസർമാർ മുഖേന ഘട്ടംഘട്ടമായി ഗുണഭോക്താക്കൾക്ക് അനുവദിച്ച് വരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ തെരഞ്ഞെടുത്ത 67 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിന് മുൻപ് പൂർത്തീകരിക്കാൻ കഴിയും |

**സെക്ഷൻ ആഫീസർ**